## സബ്മിഷൻ

## അപകട മരണങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിന്റെ യുവത്വം കടലിലും റോഡിലുമായി പൊലിഞ്ഞു തീരുകയാണ്. കഴിഞ്ഞ ശനിയാഴ്ച കോവളത്ത് അഞ്ചു ജീവനുകളാണ് കടലിൽ മുങ്ങി മറഞ്ഞത്. മൂന്നാഴ്ച മുമ്പ് മറ്റൊരു ചെറുപ്പക്കാരനും അവിടെ ജീവനൊടുക്കി. ഇവരുടെ മൃതദേഹംപോലും കണ്ടെടുത്ത് ബന്ധുക്കൾക്ക് നല്കാൻ സർക്കാരിന് കഴിയുന്നില്ല. നേവിയും കോസ്റ്റ് ഗാർഡും ഐ.എസ്.ആർ.ഒ. പോലും തിരച്ചിലിനെ സഹായിക്കുന്നു എന്നാണ് പത്രങ്ങളിൽ കാണുന്നത്. യാതൊന്നും നടക്കുന്നില്ലെന്നാണ് നാട്ടുകാർ പറയുന്നത്. രണ്ടുപേരുടെ മൃതദേഹങ്ങൾ കരയ്ക്കടുപ്പിച്ചത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. അവരുടെ സേവനം മാത്രമേ കാര്യമായി നടക്കുന്നുള്ളൂ; മറ്റുള്ളതെല്ലാം പ്രഹസനങ്ങൾ മാത്രം. ലോകനിലവാരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രമാണ് കോവളം കടപ്പുറം. വിദേശികളും സ്വദേശികളുമായി അനേകായിരങ്ങൾ അവിടെ വരുന്നുണ്ട്. അവരുടെ പണം നമ്മുടെ ഖജനാവിൽ മുതൽക്കൂട്ടാണ്. എന്നാൽ അവർക്ക് യാതൊരു സൗകര്യവും സർക്കാർ ചെയ്തു കൊടുക്കുന്നില്ല. ലോകത്ത് ഏതെങ്കിലും കടൽത്തീരത്ത് ഈവിധം മനുഷ്യജീവൻ പൊലിയുന്ന വാർത്ത കേട്ടിട്ടുണ്ടോ? കോവളത്ത് ലൈഫ്

ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. സന്ധ്യ മയങ്ങുമ്പോൾ പാവങ്ങൾ പൊടിതട്ടി വീട്ടിൽപ്പോകും; അതിനുശേഷമാണ് ഈ വിധത്തിലുള്ള മുങ്ങിമരണങ്ങൾ നടക്കുന്നത്. ലൈഫ് ഗാർഡുകൾക്കാണെങ്കിലോ തുച്ഛമായ ശമ്പളമാണ്. ഇരിക്കാൻപോലും അവർക്ക് സൗകര്യമില്ല. ഇത്രയും ടൂറിസ്റ്റുകൾ വരുന്ന കടപ്പുറത്ത് മുഴുവൻ സമയവും ലൈഫ് ഗാർഡുകളെ എന്തുകൊണ്ട് നിയമിക്കുന്നില്ല? അവർക്കാവശ്യമായ ഉപകരണങ്ങളും പ്രവർത്തന സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നില്ല. ഇതൊക്കെ ടൂറിസം വകുപ്പിന്റെയും സർക്കാരിന്റെയും ചുമതലയാണ്. ഇത് നിർവ്വഹിക്കാത്ത സർക്കാരാണ് ഈ മരണങ്ങളുടെ ഉത്തരവാദികൾ. അതിനാൽ മരണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള അടിയന്തരനടപടികൾ സർക്കാർ സ്വീകരിക്കണം. മരിച്ച കുട്ടികളെല്ലാം പഠിക്കുന്ന കാര്യത്തിൽ മിടുക്കന്മാരായിരുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ ഇവരുടെ നഷ്ടം സംസ്ഥാനത്തിന്റെ നഷ്ടമാണ്. അതുകൊണ്ടുതന്നെ ഈ കുടുംബാംഗങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം നല്കാൻ സർക്കാർ തയ്യാറാകണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കോവളം ബീച്ച് ഉൾപ്പെടെ കേരളത്തിലെ സമുദ്രതീരങ്ങളിൽ 139 ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

കോവളത്തുതന്നെ 30 ലൈഫ് ഗാർഡുകളും 2 സൂപ്പർവൈസർമാരും ഒരു ചീഫ് കോ-ഓഡിനേറ്ററും ഉൾപ്പെടുന്ന 33 പേരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ സേവനം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയാണ്. ഇതിനുപുറമേ, ടൂറിസം പോലീസിന്റെ സേവനവും ലഭ്യമാണ്. ബീച്ചുകളിൽ സുരക്ഷാ ബോർഡുകളും വച്ചിട്ടുണ്ട്. ഈ ഗാർഡുകൾ വൈകുന്നേരം അവരുടെ സമയം കഴിയുമ്പോൾ അവിടെയുള്ളവരെ പറഞ്ഞുവിട്ടതിനുശേഷമാണ് പോകുന്നത്. അതിനുശേഷവും പോയവർതന്നെ തിരിച്ചുവരാം അല്ലെങ്കിൽ പുതിയ ആളുകൾ വരാം; അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. ഏതായാലും സമുദ്രതീരങ്ങളിൽ ആളുകൾ മരിക്കുന്നത് വളരെയധികം ആശങ്കയുളവാക്കുന്ന ഒരു കാര്യംതന്നെയാണ്. ഈ അടുത്തദിവസം കോവളം ബീച്ചിൽ 4 പേർ മരണപ്പെട്ട ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. ലൈഫ് ഗാർഡുകളുടെ സേവനവ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ സൗകര്യങ്ങൾ വേണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഈ സഭയിലെ ഒരംഗമായ ശ്രീ. വർക്കല കഹാർ ആണ് ഇവരുടെ പ്രസിഡന്റ്. അവരുടെ വേതനം 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിലും കൂടുതൽ വേണമെന്നുള്ള ആവശ്യവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതുസംബന്ധിച്ച് ചർച്ച ചെയ്ത് ഒരു തീരുമാനമുണ്ടാക്കും. അതുപോലെതന്നെ അപകടത്തിൽപ്പെടുന്നവരെ

രക്ഷിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം, നമ്മൾ പലപ്പോഴും നേവിയുടെയും കോസ്റ്റ്ഗാർഡിന്റെയും സേവനമാണ് ഉപയോഗിക്കുന്നത്. കോവളത്ത് നാലുപേരുടെ മൃതദേഹങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി, അതിൽ രണ്ടു മൃതദേഹങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി രണ്ടു മൃതദേഹങ്ങളുടെ തിരച്ചിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഈ തീരപ്രദേശങ്ങളിൽ അടുത്തകാലത്തുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ നടപടികൾ എന്തൊക്കെയാണ് വേണ്ടതെന്നും രക്ഷാപ്രവർത്തനത്തിൽ ഏതുവിധത്തിലുള്ള കോ-ഓർഡിനേഷൻ വേണമെന്നുള്ളതും ആലോചിക്കും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ആറുമണിയാകുമ്പോഴേക്കും താല്ക്കാലിക ജീവനക്കാരായ കോസ്റ്റ്ഗാർഡുകൾ പോകും; പിന്നെ ആരുമില്ല. ആറുമണി കഴിഞ്ഞ് വരുന്നത് ഇതുപോലുള്ള മിടുക്കന്മാരായ കുട്ടികളാണ്; അവരാണ് അപകടത്തിൽപ്പെടുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയാണ് കോസ്റ്റ്ഗാർഡുകളുടെ ജോലി സമയം. 7.00 മണിക്ക് ഇവർ പോകുമ്പോൾ അവിടെയുള്ളവരെ പറഞ്ഞു വിട്ടിട്ടാണ് പോകുന്നത്. എന്നാൽ പറഞ്ഞുവിട്ടവർതന്നെ വീണ്ടും തിരിച്ചുവന്നാൽ ബുദ്ധിമുട്ടാണ്. ഏതായാലും

രാത്രികാലത്തുകൂടി ലൈഫ് ഗാർഡുകളുടെ സേവനം വിനിയോഗിക്കുന്ന കാര്യം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കും.

## ധീരതയ്ക്കുള്ള അവാർഡ്

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജക മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ ഹാരിസിന്റെ നേതൃത്വത്തിലുള്ള മത്സ്യത്തൊഴിലാളികളെക്കുറിച്ചാണ് എന്റെ സബ്മിഷൻ. ഹാരിസ് ഉൾപ്പെടെയുള്ള ആറ് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനു പോയപ്പോൾ കരയിൽനിന്ന് ഏകദേശം അര കിലോമീറ്റർ ദൂരത്തുവച്ച് അവരുടെ ബോട്ട് മറിഞ്ഞു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങാൻ പാടില്ലെന്നുള്ള നിർദ്ദേശത്തെ അവഗണിച്ചാണ് പോയത്. കുറച്ച് കാലമായി മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ പട്ടിണികിടന്ന മത്സ്യത്തൊഴിലാളികളിൽ പലരുമാണ് കടലിലേയ്ക്ക് വള്ളങ്ങളുമായി പോയത്. അതിൽ നീന്തൽ അറിയാമായിരുന്ന നാല് ആളുകളോട് നീന്തി രക്ഷപ്പെടാൻ പറയുകയും നീന്തൽ അറിയാത്ത ആളിനെ ഹാരിസ് സ്വന്തം ശരീരത്തോട് ചേർത്ത്പിടിച്ച് രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തുകയും ചെയ്തു. അല്പനേരം കഴിഞ്ഞപ്പോൾ ചേർത്തുപിടിച്ചയാൾ താഴേയ്ക്ക് പോകുകയും വീണ്ടും

അദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്ന്, ബോട്ടിൽ രണ്ട് ക്യാനുകളിലുണ്ടായിരുന്ന മണ്ണെണ്ണ കളഞ്ഞതിനുശേഷം ക്യാൻ ഇദ്ദേഹത്തിന്റെ ശരീരവുമായി ചേർത്ത് പ്ലാസ്റ്റിക് കയറുകൊണ്ട് കെട്ടുകയും ചെയ്തു. പക്ഷേ ആ കയർ അഴിഞ്ഞ് അദ്ദേഹം പിന്നെയും താഴോട്ട് പോയപ്പോൾ ഹാരിസ് തന്റെ മുണ്ടുപയോഗിച്ച് രണ്ട് ക്യാനുകളും അദ്ദേഹത്തിന്റെ ശരീരത്തോട് ചേർത്ത് കെട്ടിവലിച്ച് ആ മനുഷ്യനെ കരയിലെത്തിക്കുക യായിരുന്നു. സാധാരണ നിലയ്ക്ക് പറഞ്ഞാൽ അവിശ്വസനീയമായി തോന്നും. അതിനുശേഷം ഇവർ ആശുപത്രിയിൽ കിടക്കുന്ന അവസരത്തിൽ ഞാനും ബന്ധുക്കളും മറ്റുള്ളവരുമെല്ലാം അത്ഭുതത്തോടുകൂടിയാണ് ഇവരെ നോക്കിയത്. വടകരയിലെ പത്രങ്ങളും ഇതുസംബന്ധിച്ച് വളരെ ഗൗരവമായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത്രയും സാഹസികമായി, ഒരുപക്ഷേ തന്റെ ജീവൻ നഷ്ടപ്പെട്ടാൽപോലും കടലിൽപ്പെട്ട സഹപ്രവർത്തകനെ രക്ഷിക്കണമെന്ന വിധത്തിൽ ധീരോദാത്തമായി പ്രവർത്തിച്ച ഈ മത്സ്യത്തൊഴിലാളിക്ക്, ധീരതയ്ക്കുള്ള അവാർഡിനുപോലും അർഹനായ ഒരാൾ എന്ന നിലയ്ക്ക് എന്തെല്ലാം പരിഗണനകൾ ലഭ്യമാക്കാൻ സാധിക്കുമോ, അതെല്ലാം അദ്ദേഹത്തിന് ലഭ്യമാക്കണം. ഇതുപോലുള്ള സംഭവങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് പലവിധത്തിലുമുണ്ടാകുന്നുണ്ട്. നീന്തൽ

അറിയാത്ത പലരും മത്സ്യബന്ധന ത്തിന് പോകുന്നുണ്ടെന്നുള്ളത് അത്ഭുതകരമാണ്. ഏകദേശം അഞ്ച് വർഷം മുമ്പും, ഇതുപോലെ രണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ചതിൽ ഒരാൾക്ക് നീന്തൽ അറിയില്ലായിരുന്നു. ധീരതയ്ക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്ന അവസരത്തിൽ ഇത്തരത്തിൽ അതിസാഹസികമായി ഒരാളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളിയായ ഹാരിസിനെക്കൂടി പരിഗണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ശ്രീ. ഹാരിസിന്റെ വളരെ സാഹസികമായ പ്രവർത്തനത്തിലൂടെ യാണ് നടുകടലിൽ പെട്ടുപോയ മത്സ്യത്തൊഴിലാളികളെ കരയ്ക്ക് എത്തിക്കുവാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ധൈര്യം പ്രശംസനീയമാണ്. കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും അടിയന്തരമായും റിപ്പോർട്ട് വാങ്ങിയശേഷം അദ്ദേഹത്തിന് അംഗീകാരം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

## മുഖ്യമന്ത്രിക്കുനേരെയുണ്ടായ പ്രതിഷേധം

ശ്രീ. ബെന്നി ബെഹനാൻ : സർ, ഇന്നലെ ബഹുമാന്യരായ സ്പീക്കർക്കും മുഖ്യമന്ത്രിക്കും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയ്ക്കും നേരെയുണ്ടായ

അക്രമത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്പീക്കറുടെ നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ പൂങ്കോട് വാർഡിൽ രാജീവ് ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂൾ ഉദ്ഘാടനത്തിന് ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും മന്ത്രി ഡോ. എം. കെ. മുനീറും ഒരു തുറന്ന ജീപ്പിൽ യാത്രചെയ്തപ്പോഴാണ് നമുക്ക് അപമാനകരമായ രീതിയിൽ അവിടെ കൂടിനിന്ന മാർക്സിസ്റ്റുപ്രവർത്തകർ ഈ മാന്യവ്യക്തികൾക്കുനേരെ ആക്രമണം നടത്തിയത്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഇതിന് സാക്ഷിയായതുകൊണ്ട് മറ്റ് സാക്ഷികളുടെയോ അന്വേഷണത്തിന്റെയോ ആവശ്യമില്ലെന്ന് വിശ്വസിക്കുന്നു. നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ പ്രഖ്യാപിത സമരങ്ങൾ നടക്കുന്നു. ആ സമരങ്ങൾ നടക്കുമ്പോൾ ഒരുപക്ഷേ നൈമിഷികമായി ചില ആക്രോശങ്ങളും അക്രമണങ്ങളുമുണ്ടാകാറുണ്ട്. എന്നാൽ ഇവിടെ ബഹുമാന്യരായ സ്പീക്കർക്കെതിരെയോ മുഖ്യമന്ത്രിക്കെതിരെയോ മന്ത്രി ഡോ. എം. കെ. മുനീറിനെതിരെയോ ഒരു പ്രഖ്യാപിതമായ സമരവും ഇന്നേവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളോ മാർക്സിസ്റ്റുപാർട്ടിയോ പ്രഖ്യാപിച്ചി ട്ടില്ല. ഇത് ഒറ്റപ്പെട്ട സംഭവമായി ഞാൻ കാണുന്നില്ല. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂരിൽ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാൻ പോയപ്പോൾ

ഇതുപോലെ വഴിയോരങ്ങളിൽ കാത്തുനിന്നാണ് മാർക്സിസ്റ്റുപാർട്ടിയുടെ നേതാക്കൾ ആക്രമിച്ചത്. അതുപോലെ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കറെ തെരഞ്ഞെടുത്ത് മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അദ്ദേഹം ചെയറിലേയ്ക്ക് കടന്നുവരാൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തെ തള്ളിയിടുന്നതിനും അദ്ദേഹത്തിനെതിരെ ഉപരോധം തീർക്കുന്നതിനും അദ്ദേഹത്തിന്റെ കസേര തല്ലിപ്പൊളിക്കുന്നതിനുംവേണ്ടി ഈ സഭയ്ക്കകത്ത് ബഹുമാന്യരായ ഇടതുപക്ഷ സ്നേഹിതന്മാർ ആക്രമണങ്ങൾ നടത്തിയിട്ടുണ്ട്. .....(ബഹളം)..... ഞാൻ പറയുന്നത് ഒരു ജനാധിപത്യ സംവിധാനത്തിൽ ഇന്നലെ നടന്ന ഈ ആക്രമണം ഒറ്റപ്പെട്ട സംഭവമായിരുന്നുവെങ്കിൽ വാർത്താമാധ്യമങ്ങളിലും പത്രങ്ങളിലും ഈ സംഭവം വന്നതിനുശേഷം ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷ നേതാക്കന്മാരുടെ ഭാഗത്തുനിന്നും ഏതെങ്കിലുമൊരുതരത്തിൽ അപലപിക്കാനുള്ള ഒരു ജനാധിപത്യ മര്യാദ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചതാണ്. യാതൊരു പ്രകോപനവുമില്ലാതെയാണ് ബഹുമാന്യരായ മുഖ്യമന്ത്രിയേയും സ്പീക്കറേയും മന്ത്രിയെയും ആക്രമിച്ചത്. അവർക്കെതിരെ ചെരിപ്പും വടിയുമെറിഞ്ഞു, മുഖ്യമന്ത്രി സഞ്ചരിച്ച .... (ബഹളം)....... നിങ്ങൾക്ക് നാണമില്ലേ മുഖ്യമന്ത്രിയെ എറിഞ്ഞിട്ട് ഏറ്റുപിടിച്ച് ന്യായികരിക്കാൻ? ഇവിടെ

പ്രതിപക്ഷ നേതാവിരിക്കുന്നുണ്ട്. അദ്ദേഹം പറയട്ടെ. ഒരു ജനാധിപത്യ സംവിധാനത്തിൽ ഇത്തരം അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നത് കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയ്ക്ക്, സംസ്കാരത്തിന് ..... മാർക്സിസ്റ്റുപാർട്ടി നടത്തുന്ന ഇത്തരം അക്രമപ്രവർത്തനത്തിലൂടെ ഭരണകക്ഷിക്ക് ഒരു നഷ്ടവുമില്ല, മറിച്ച് ആളുകൾ കുറയുന്നതും ജനങ്ങളുടെ മുന്നിൽ പരിഹാസ്യമായിത്തീരുന്നതും മാർക്സിസ്റ്റുപാർട്ടി യാണ്. ഇന്നലെ നടന്ന ഈ സംഭവത്തെക്കുറിച്ച് പരസ്യമായി അപലപിച്ചി ല്ലെങ്കിലും ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷ നേതാവ് എന്ന നിലയിൽ അദ്ദേഹം ഈ സംഭവത്തെ അപലപിക്കാൻ തയ്യാറാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മറ്റ് അംഗങ്ങൾ പറയുന്നത് അങ്ങ് ശ്രദ്ധിക്കേണ്ട. ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രി ഡോ. എം. കെ. മുനീറും സാക്ഷിയായ ഈ സംഭവത്തിന് ശക്തമായ നടപടികൾ സ്വീകരിക്കണം. എന്തെങ്കിലും സുരക്ഷാ വീഴ്ചകൾ അവിടെ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾക്കെതിരെയും കുറ്റവാളികൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

<u>മുഖ്യമന്ത്രിക്കുനേരെ ഉണ്ടായ പ്രതിഷേധം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയ്ക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പൂങ്കോട് രാജീവ്ഗാന്ധി നാഷണൽ സ്വിമ്മിങ്പൂളിന്റെ ഉദ്ഘാടനം പൂങ്കോട് സ്വിമ്മിങ്പൂൾ അങ്കണത്തിൽവച്ച് നിർവ്വഹിക്കുന്നതിനായി 23.07.2015 വൈകിട്ട് 6.30 -ഓടുകൂടി ബഹുമാന്യരായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, സ്പീക്കർ എൻ. ശക്തൻ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവർ തുറന്ന ജീപ്പിൽ സഞ്ചരിച്ചുവരവെ സി.പി.ഐ. (എം) പള്ളിച്ചൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശശിയുടെ നേതൃത്വത്തിൽ വെടിവെച്ചാൻകോവിൽ ജംഗ്ഷന് സമീപം നിന്ന സി.പി.ഐ. (എം) പ്രവർത്തകർ ജീപ്പിന് മുന്നിലേയ്ക്ക് മുദ്രാവാക്യവും അസഭ്യങ്ങളും വിളിച്ചുകൊണ്ട് അടുക്കുകയും കരിങ്കൊടികളും മറ്റും ജീപ്പിന് നേരെ വലിച്ചെറിയുകയും ജീപ്പ് തടയാൻ ശ്രമിക്കുകയും ചെയ്തു. ഇത്തരം ഒരു പരിപാടിയെക്കുറിച്ച് മുൻകൂട്ടി വിവരമുണ്ടായിരുന്നതിനാൽ സ്ഥലത്തെ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ നൂറ്റിയൻപതിൽപ്പരം പോലീസ് ഉദ്യോഗസ്ഥർ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പോലീസ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി തുടങ്ങിയവരുടെ

സുരക്ഷയ്ക്കായി സത്വരമായി ഇടപെട്ട് പ്രതിഷേധക്കാരെ തടഞ്ഞു. അതിനെത്തുടർന്ന് ഉന്തും തള്ളും ഉണ്ടാകുന്നതിനിടയിലാണ് കരിങ്കൊടികളും മറ്റും ജീപ്പിന് നേരെ എറിഞ്ഞിട്ടുള്ളത്. ഈ സമയം ജീപ്പിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥർ മുഖ്യമന്ത്രിക്കുചുറ്റും സുരക്ഷാവലയം തീർത്തു. മറ്റ് അനിഷ്ട സംഭവങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലാത്തതാകുന്നു. ഈ സംഭവത്തിൽ അൻപതിൽപ്പരം സി.പി.ഐ. (എം) പ്രവർത്തകരെ പ്രതികളാക്കി നരുവാമൂട് പോലീസ് സ്റ്റേഷനിൽ IPC 143, 147, 149, 283, 341, 294 (ബി), 506 (ഐ) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 512/2015 ആയി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഒരു പ്രതിയെ അറസ്റ്റു ചെയ്യുകയും ചെയ്തു. മറ്റു പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് അന്വേഷണം നടത്തിവരുന്നു. ഇത്തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളെ ഒരിക്കലും നമുക്ക് പ്രോത്സാഹിപ്പിക്കുവാൻ കഴിയുകയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്, അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ഐ.ജി. (സെക്യൂരിറ്റി)-യെ ചുമതലപ്പെടുത്തുകയാണ്. ഐ.ജി. (സെക്യൂരിറ്റി) അവിടെ എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന്

പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്.

ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇതിനെക്കുറിച്ച് സംസാരിച്ചപ്പോൾ, ബഹുമാനപ്പെട്ട സ്പീക്കർ ഇതിന് സാക്ഷിയാണെന്നുപോലും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഇത് വളരെ മോശപ്പെട്ട ഒരു പ്രവർത്തനമാണ്. മുഖ്യമന്ത്രിക്കെതിരെയും ആർക്കെതിരെയാണെങ്കിലും നടന്നിട്ടുള്ള സംഭവങ്ങൾ .....(ബഹളം)........ ശ്രീ. വി. ശിവൻകുട്ടി പറയുന്നത് ന്യായീകരിക്കാൻ പറ്റുന്ന കാര്യങ്ങളല്ല. ഈ സഭയിൽ ശ്രീ. ശിവൻകുട്ടിയോ മറ്റ് പ്രതിപക്ഷാംഗങ്ങളോ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ഒരു കാരണവശാലും ന്യായീകരിക്കാൻ പറ്റുന്ന കാര്യങ്ങളല്ല. ശ്രീ. കെ. എം. മാണിക്കാണെങ്കിലും മുഖ്യമന്ത്രിക്കാണെങ്കിലും മറ്റ് മന്ത്രിമാർക്കാണെങ്കിലും ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. അത്തരം കാര്യങ്ങൾക്ക് പോകുമ്പോൾ ഇത്തരത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്നത് ഒരിക്കലും നീതീകരിക്കാൻ കഴിയാത്ത കാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ശക്തമായ നടപടി ഉണ്ടാകും.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങ് അപലപിക്കണം. .... (ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടീ..... നിങ്ങൾ മുഖ്യമന്ത്രിക്കെതിരെയോ സ്പീക്കർക്കെതിരെയോ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെയോ സമരം പ്രഖ്യാപിച്ചിട്ടില്ല. അതിനാൽ ഇന്നലെ അവിടെ നടന്നത് തീരെ മോശമായിപ്പോയി എന്നുമാത്രമേ ചെയർ പറയുന്നുള്ളൂ.

## ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കൽ

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മുടെ കയർ വ്യവസായത്തെ തകർച്ചയിൽ നിന്നും കയറ്റുന്നതിനുവേണ്ടി അടിയന്തരമായി ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിൽ ഒരു കാര്യം വളരെ അഭിനന്ദനാർഹമാണ്. കയർ ഫെഡിൽ നിന്നുള്ള കുടിശ്ശിക മുഴുവൻ കൊടുത്തത് നല്ല കാര്യമാണ്. പക്ഷെ അതു പോരാ. നാല് കാര്യങ്ങൾകൂടി അടിയന്തരമായി ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ഒന്നാമത്തേത്, വില നിർണ്ണയ കമ്മിറ്റി ചേർന്ന് ഓരോ പ്രദേശത്തുനിന്നും എത്ര രൂപയ്ക്കാണ് സംഭരിക്കേണ്ടത് എന്ന് തീർപ്പുകൽപ്പിച്ചാലേ ഇനി ഉൽപ്പാദിപ്പിക്കുന്നതിന്റെ സംഭരണം നടക്കുകയുള്ളൂ. അത് ഇതുവരെ ഉണ്ടായിട്ടില്ല. രണ്ടാമത്തേത്, ഇപ്പോൾ തൊണ്ട് സംഭരണം സംബന്ധിച്ച് ഇറക്കിയിട്ടുള്ള സമഗ്രമായ ഒരു ഉത്തരവിലെ കാര്യങ്ങൾ

നടപ്പാക്കുന്നില്ല. ആ ഉത്തരവു പ്രകാരം ഒരു പ്രോജക്ട് സെൽ വേണം. ആ പ്രോജക്ട് സെൽ കയർ ഡയറക്ടറേറ്റിൽ വർക്ക് ചെയ്യുന്നില്ലെന്നതാണ് അതിന്റെ കാരണം. അതില്ലാത്തതുകൊണ്ട് സംഭരിച്ച തൊണ്ടിന്റെ വില ലഭ്യമാകുന്നില്ല. മൂന്നാമത്തേത്, നമ്മുടെ സംഘങ്ങൾക്കുനേരെ വരുന്ന ജപ്തി നടപടികൾക്ക് ഒരു താൽക്കാലിക തടയിട്ടില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. നാലാമത്തേത്, ഇപ്പോൾ ആലപ്പുഴ മെഷീൻ ഫാക്ടറിയിലെ തൊണ്ട് തല്ല് മെഷീനുകൾ സാമാന്യം തൃപ്തികരമാണ്. അത് എത്രയും പെട്ടെന്ന് പ്രത്യേകിച്ച് മലബാർ ഭാഗത്തെ പറവൂർ, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതാണ് എന്റെ സബ്മിഷൻ.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിട്ടില്ല എന്ന പരാമർശം അങ്ങയുടെ നോട്ടീസിൽ ഉണ്ടായിരുന്നെങ്കിലും അങ്ങ് ഇവിടെ അക്കാര്യം സൂചിപ്പിച്ചില്ല. അങ്ങനെ ഒരു സമീപനമെടുത്തതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. കയർ മേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി 04.04.2015-ൽ ഞാൻ നടത്തിയ ചർച്ചയിൽ എടുത്ത ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക്

കയർഫെഡ് നൽകാനുള്ള മുഴുവൻ തുകയും (6.5 കോടി രൂപ) നിർദ്ദിഷ്ട തീയതികളിൽ നൽകുകയും സ്റ്റോക്ക് ഉള്ള കയർ സംഭരിക്കുകയും വില നിർണ്ണയ കമ്മിറ്റി യോഗം കൂടി തീരുമാനമെടുക്കുകയും ചെയ്തു. വിലനിർണ്ണയ കമ്മിറ്റി യോഗം ചേർന്നില്ലായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. വില നിർണ്ണയ കമ്മിറ്റി യോഗം കൂടി തീരുമാനങ്ങളെടുത്തിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഒരിക്കൽകൂടി അതേക്കുറിച്ച് അന്വേഷിക്കണം. ഓരോ പ്രദേശത്തെയും ഉല്പാദന ചെലവ് കണക്കിലെടുത്ത് വിലനിർണ്ണയം നടത്തിയിട്ടില്ല. അതുകൊണ്ടാണ് സംഭരണം ഇപ്പോൾ നടക്കാത്തത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ ഇത് പറഞ്ഞതിനുശേഷം ബാക്കി പറയാം. കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും, ചെറുകിട ഉല്പാദക സംഘങ്ങൾക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർഫെഡ് കയർപിരി സംഘങ്ങളിൽ നിന്ന് സംഭരിച്ച് നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ

സർക്കാരിന്റെ പരിഗണനയിലാണ്.

കയർ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും പെൻഷൻപദ്ധതിയും നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും എന്ന ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് സെൽ, ചകിരി വില നിർണ്ണയ കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് വിതരണം ചെയ്യാൻ താൽപ്പര്യമുള്ള ഏജൻസികളുടെ പേര് കയർ പ്രോജക്ട് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് പദ്ധതി നടപ്പിലാക്കാൻ എല്ലാ പ്രോജക്ട് ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ സംസ്ഥാന തലത്തിലുള്ള പ്രോജക്ട് സെല്ലിന്റെ രൂപീകരണം ഉണ്ടാക്കാൻ കഴിയും. മാധ്യമങ്ങളിൽ പരസ്യംകൊടുത്ത് ആളുകളെ വിളിക്കണമെന്ന കാലതാമസം മാത്രമാണ് ഇപ്പോൾ ബാക്കി നിൽക്കുന്നത്. പ്രോജക്ട് സെൽ വരുന്ന 15-ാം തീയതിക്കുമുൻപുതന്നെ രൂപീകരിക്കുന്നതാണ്. എങ്കിൽപ്പോലും പ്രോജക്ട് ഓഫീസുകളിൽ തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഇതിനോടകം തന്നെ ഒരുക്കിയിട്ടുണ്ട്.

സംഘങ്ങൾക്കുനേരെ ജപ്തി നടപടികൾ ഉണ്ടാകുന്നുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സംഘങ്ങൾക്കുനേരെ ഉണ്ടായിട്ടുള്ള ജപ്തി നടപടികൾ... നമ്മൾ ഒരു മൊറട്ടോറിയം കൊടുത്തു. പക്ഷെ അങ്ങനെയുണ്ടായ ജപ്തി നടപടികളെക്കുറിച്ചെല്ലാം തന്നെ അങ്ങേയ്ക്ക് വ്യക്തമായി അറിയാവുന്നതാണ്. കയർ ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന സമയത്ത് പല പദ്ധതികളിൽ ഉൾപ്പെട്ട് സംഘങ്ങൾ എടുത്തിട്ടുള്ള കടങ്ങളിന്മേലാണ് ഇന്ന് ബാങ്കുകളും മറ്റും ജപ്തി നടപടികളിലേയ്ക്ക് വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റുമായി പല വട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകളിൽ എല്ലാം തന്നെ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കയർ ബോർഡ് കൊടുക്കുന്ന പണം സംസ്ഥാന ഗവൺമെന്റിലൂടെ കൊടുക്കണമെന്ന ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. സഹകരണമേഖലകളിലെ കയർ സംഘങ്ങളിൽ നമുക്ക് നല്ല പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയും എന്നുള്ളതുകൊണ്ടാണ് അങ്ങനെയൊരു നിർദ്ദേശം വച്ചിട്ടുള്ളത്. ഡി.എഫ്. മെഷീനുകളെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. നല്ല നിലവാരമുള്ള ഡി.എഫ്. മെഷീൻ ആലപ്പുഴയിൽ ഉണ്ടാക്കി

സംഘങ്ങൾക്ക് നൽകുന്നുണ്ട്. കയർ സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഡി.എഫ്. മിൽ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത്തരം കാര്യങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഏതായാലും കയർ മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. അതോടൊപ്പം ചകിരി നാരിന്റെ ദൗർലഭ്യം കുറയ്ക്കുകയും വേണം. തമിഴ്നാടിനെ മാത്രം ആശ്രയിച്ചുകൊണ്ട് ഈ വ്യവസായ രംഗം മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ലായെന്നുള്ളതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന താണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ഒരു കാര്യം ചെയർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇനി 10 സബ്മിഷനുകൾ കൂടി എടുക്കാനുണ്ട്. ഇന്ന് നിയമസഭ 12.30-ന് അവസാനിപ്പിക്കേണ്ടതുണ്ട്. അതിനാൽ ഒരു മിനിറ്റ് കൊണ്ട് ബഹുമാന്യരായ മന്ത്രിമാർ മറുപടി പറയണം. ഇപ്പോൾ നാലും അഞ്ചും മിനിറ്റുവീതം ഓരോ സബ്മിഷനും മറുപടി പറയാൻ എടുക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഇന്ന് സബ്മിഷൻ മാത്രമേ എടുക്കാൻ സാധിക്കുകയുള്ളു. അതുപോലെ സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ ചുരുക്കി

അവതരിപ്പിക്കണം. ഇനി ഒരു മണിക്കൂർ കൂടിയേ ബാക്കിയുള്ളൂ. അതും കൂടി ശ്രദ്ധിക്കണം.

കാർഷികമേഖല ശക്തിപ്പെടുത്തൽ

ശ്രീ. പി. സി. ജോർജ് : സർ, ഇന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ശ്രീ. പാലോട് രവിയുടെ ചോദ്യത്തിന് കേരളം മുഴവൻ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുകയാണെന്ന് കൃഷിവകുപ്പുമന്ത്രി മറുപടി പറഞ്ഞു. എന്ത് ധൈര്യത്തിലാണ് ഗവൺമെന്റിന്റെ നടപടിയെ കർഷകൻ അനുകൂലിക്കുന്നത്? 'കർഷകർക്ക് ആരുണ്ട് തുണ?' 'ജാതിക്ക വിലയിടിഞ്ഞു, കർഷകർക്കും കച്ചവടക്കാർക്കും കഷ്ടകാലം' റബ്ബർ പ്രതിസന്ധി പരിഹരിക്കപ്പെട്ടു എന്നുള്ള പ്രചാരണം ശരിയല്ല – ഇൻഫാം' - ഇതെല്ലാം ഇന്നത്തെ ദീപിക പത്രത്തിൽ വന്ന വാർത്തകളാണ്. 'വിപണിയിൽ തോറ്റ് കർഷകൻ' 'ഉൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കണം' 'കൃഷി ചെലവിൽ കുത്തനെയുള്ള വർദ്ധനമുതൽ കാലാവസ്ഥാ വ്യതിയാനംവരെ ഒട്ടേറെ പ്രശ്നങ്ങൾ കേരളത്തിലെ കാർഷിക മേഖലയിൽ വെല്ലുവിളി ഉയർത്തുന്നതിനിടയിലാണ് കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച. കേരളത്തിലെ മുഖ്യവിളകളായ നാളികേരം, റബ്ബർ തുടങ്ങിയവയുടെ വിലത്തകർച്ചയ്ക്കൊപ്പം ഏലം, കുരുമുളക്, ജാതി, ഗ്രാമ്പൂ

തുടങ്ങിയ സുഗന്ധവിളകൾ നേരിടുന്ന വിലയിടിവിന്റെ നിരാശകൂടി അനുഭവിക്കുകയാണ് നമ്മുടെ കർഷകർ' തുടങ്ങി ഒട്ടേറെ കാര്യങ്ങൾ മലയാള മനോരമയുടെ ഇന്നലത്തെ എഡിറ്റോറിയലിൽ വന്നിട്ടുണ്ട്. നമ്മുടെ ഔദ്യോഗിക സംവിധാനത്തിൽ നിന്നും കർഷകർക്ക് സ്ഥിരമായ പരിഗണനയും സഹായവും ഉണ്ടാകണം. ഇന്നലെ കേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്യാബിനറ്റ് കൂടി 20 കോടി രൂപ അനുവദിച്ചു. റബ്ബറിന് 300 കോടി രൂപ അനുവദിച്ചു. പക്ഷേ ഇതെല്ലാം എവിടെ കിട്ടും? കഴിഞ്ഞ മാസം കിലോയ്ക്ക് 120 രൂപയുണ്ടായിരുന്ന ഇഞ്ചിയുടെ വില ഇപ്പോൾ 50 രൂപയായി. കിലോയ്ക്ക് 120 രൂപയുണ്ടായിരുന്ന മഞ്ഞളിന് 90 രൂപയും 200 രൂപയായിരുന്ന കാപ്പിക്കുരുവിന് 117 രൂപയും 1250 രൂപയായിരുന്ന ഗ്രാമ്പൂവിന് 800 രൂപയും 410 രൂപയായിരുന്ന ജാതിക്കായ്ക്ക് 250 രൂപയും 800 രൂപയായിരുന്ന കുരുമുളകിന് 630 രൂപയും 1000 രൂപയായിരുന്ന ഏലത്തിന് 600 രൂപയുമായി. വില എങ്ങോട്ടു പോകുന്നു? കേരളത്തിലെ കർഷകരെ രക്ഷിക്കണമെങ്കിൽ സ്ഥിരമായ ഒരു സംവിധാനത്തെപ്പറ്റി ചർച്ച ചെയ്യണം. ഇതുമാത്രമല്ല മുഴുവൻ കാർഷിക വിളകൾക്കും കൃഷിക്കാർക്ക് ബോദ്ധ്യം വേണം. കൃഷിചെയ്യുന്ന കർഷകർക്ക് ഉല്പാദനചെലവെങ്കിലും കിട്ടണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജ് ഈ രീതിയിൽ പോയാൽ സബ്മിഷനുകൾ മാത്രമേ ഇന്ന് എടുക്കാൻ കഴിയൂ.

ശ്രീ. പി.സി. ജോർജ്: അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നടപടി സ്വീകരിക്കാൻ തയ്യാറായാൽ മാത്രമേ കർഷകൻ കൃഷിയുമായി മുമ്പോട്ടു പോകു എന്ന കാര്യം പ്രത്യേകമായി ഓർമ്മിപ്പിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങളാണ്. അത് വളരെ പ്രധാനപ്പെട്ടതുമാണ്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്. ഇന്നലെ ഇവിടെ അടിയന്തര പ്രമേയത്തിൽ നാളികേരത്തിനടക്കം വിലകുറയുന്നു എന്നു സൂചിപ്പിച്ചു. ഇത് കേരളത്തിലെ കർഷകരെ മാത്രമല്ല എല്ലാ കർഷകരെയും ബാധിക്കുന്നതാണ്. അതോടൊപ്പം സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്ന പ്രശ്നവുമാണ്. ഇക്കാര്യങ്ങളൊക്കെ ഇന്നലെ ഇവിടെ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ മുന്നൂറു കോടി രൂപ റബ്ബർ മേഖലയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സപ്ലിമെന്ററി ഡിമാന്റിൽ മാറ്റി വച്ചിട്ടുണ്ട്. ഇന്നലെ ചേർന്ന

മന്ത്രിസഭായോഗം ഇരുപതുകോടി രൂപ എല്ലാവർഷവും നാളികേര കർഷകർക്കുവേണ്ടി നൽകാൻ തീരുമാനിച്ചു. സംസ്ഥാന കാർഷിക വികസന നയത്തിൽ കർഷകർക്ക് വരുമാനം ഉറപ്പുവരുത്തുന്നതിനായി ഇൻകം ഗ്യാരന്റി ആക്ട് നടപ്പിലാക്കുവാനും കർഷകർക്ക് വിലനഷ്ടം പരിഹരിക്കുന്നതിന് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും സഹായപദ്ധതികളും ഏർപ്പെടുത്തുന്നതിനും വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യവകുപ്പുമന്ത്രിയുമായും ഇക്കാര്യം സൂചിപ്പിച്ചപ്പോൾ, വളരെ ഉദാരമായ നിർദ്ദേശം സ്വീകരിക്കുകയും ഇതിന് ഒരു സമഗ്ര പാക്കേജ് ആവശ്യമാണെന്നും ആയതിനുള്ള നടപടികൾ ആരംഭിക്കാമെന്നും ഉറപ്പുനൽകിയിട്ടുണ്ട്.

ഗതാഗത തടസ്സം

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, മഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ ഗുരുതരമായ ഗതാഗതക്കുരുക്കിന് അടിയന്തരമായി പരിഹാരം കാണണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഇതേ പ്രശ്നം ഞാൻ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതുവരെ പരിഹാരമുണ്ടാക്കാത്തത് ഖേദകരമാണ്. നിത്യേന ആയിരക്കണ

ക്കിന് യാത്രക്കാരാണ് മണിക്കൂറുകളോളം വഴിയിൽക്കുടുങ്ങി പ്രയാസപ്പെടുന്നത്. സാധാരണ ഒരു ദിവസം നൂറ്റമ്പതോളം ആംബുലൻസുകൾ കടന്നുപോകുന്ന വഴിയാണിത്. അപകടത്തിൽപ്പെട്ട് മംഗലാപുരത്തെ ആശുപത്രിയെ ആശ്രയിക്കുന്നവർക്ക് അവിടെ എത്തിക്കാൻ കഴിയാത്ത ദയനീയമായ സ്ഥിതി നിത്യേന ഉണ്ടാവുകയാണ്. മംഗലാപുരത്ത് പഠിക്കുന്ന നൂറുകണക്കിന് കുട്ടികൾക്ക് സമയത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താൻ കഴിയുന്നില്ല. ചെക്ക്പോസ്റ്റുകളിൽ എത്തുന്ന വാഹനങ്ങളാണ് ഗതാഗതക്കുരുക്കിന് കാരണമാകുന്നത്. ഈ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമേർപ്പെടുത്താൻ ആവശ്യത്തിന് സ്ഥലസൗകര്യമുണ്ട്. എന്നാൽ പോലീസ് എയ്ഡ്പോസ്റ്റിൽ കയറാൻ പറ്റാത്തതുകൊണ്ടാണ് സ്ഥലസൗകര്യമേർപ്പെടുത്താൻ സാധിക്കാത്തത്. തൊട്ടടുത്ത് ഒരു പാലവും പാലത്തിന്റെ തൊട്ടടുത്ത് അകലമില്ലാത്ത റോഡുകളുമുണ്ട്. എക്സൈസിന്റെയും സെയിൽസ് ടാക്സിന്റെയും ചെക്കുപോസ്റ്റുകൾ ഇവിടെ വന്നതുകൊണ്ട് ഈ പോലീസ് എയ്ഡ് പോസ്റ്റിന്റെ അടുത്തുതന്നെ താല്ക്കാലിക കെട്ടിടം നിലനിൽക്കുന്നുണ്ട്. അതിലേക്ക് എക്സൈസ് ചെക്കുപോസ്റ്റുകൂടി മാറ്റി സ്ഥാപിക്കണം. അതിലേയ്ക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചിട്ടുണ്ട്. ഇനിയെങ്കിലും

ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ പ്രശ്നം പരിഹരിക്കുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റ് 100 മീറ്റർ വടക്കോട്ട് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവെങ്കിലും സാങ്കേതികതടസ്സങ്ങൾ മൂലം സാദ്ധ്യമായില്ല. ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും അവരുടെ സേവനം ഉച്ചയ്ക്ക് രണ്ട് മണിമുതൽ രാത്രി പത്തുമണിവരെമാത്രമേ ലഭ്യമാകുന്നുള്ളൂ. അത് ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്നത് സഹായകരമായിരിക്കും. പോലീസ് എയ്ഡ് പോസ്റ്റിന് വടക്കുഭാഗത്ത് റോഡ് വളരെ വീതി കുറവാണ്, ഇതും ഗതാഗതക്കുരുക്കിന് മറ്റൊരു കാരണമാണ്. ഇത് പരിഹരിക്കുന്നതിനായി സംയോജിത ചെക്ക്പോസ്റ്റിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഹൈവേയോട് ചേർന്ന ഭാഗം ചരക്ക് വാഹനത്തിന് പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയോടുകൂടി പാഴ്മരങ്ങൾ വെട്ടിമാറ്റി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് തടസ്സമാകുന്ന രീതിയിൽ താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തി പാർക്കിംഗ് ഏരിയ

പ്രവർത്തനം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. വേയിംഗ് ബ്രിഡ്ജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണത്തിനുവേണ്ടി അംഗീകൃത ഏജൻസി മുഖാന്തിരം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് മഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ ഗതാഗതക്കുരുക്കിന്റെ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതാണ്.

## ഭൂമി കൈമാറ്റം പുനഃപരിശോധിക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ പഞ്ചായത്തിലെ വെള്ളാനിക്കര ക്യാമ്പസിൽപ്പെട്ട വിദ്യാഭ്യാസ ഗവേഷണ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന അൻപത് ഏക്കർ ഭൂമി, പവർഗ്രിഡ് കോർപ്പറേഷന് രണ്ടായിരം മെഗാവാട്ടിന്റെ ബൈപോൾ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കാൻ സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ ഈ നിർദ്ദേശം തള്ളിക്കളഞ്ഞതാണ്. കാർഷിക സർവ്വകലാശാലയുടെ നല്ല ഭാവി കണക്കിലെടുത്ത് സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പവർഗ്രിഡ് കോർപ്പറേഷന് ഭൂമി

കൊടുക്കണ്ട എന്നല്ല പറയുന്നത്. മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി.യുടെ തന്നെ കൈവശത്തിലുള്ളതോ, പാട്ടക്കാലാവധി തീർന്നതോ ആയ 350 ഏക്കർ ഭൂമി ലഭ്യമാണ്. അതിൽ നിന്ന് അൻപത് ഏക്കർ ഭൂമി പവർഗ്രിഡ് കോർപ്പറേഷന് വിട്ടുകൊടുക്കാവുന്ന താണ്. അതിനുള്ള നടപടി സ്വീകരിച്ച് കാർഷിക സർവ്വകലാശാലയുടെ ഗവേഷണങ്ങൾ നടക്കുന്ന ഭൂമി ഈ തരത്തിൽ വിട്ടു കൊടുക്കുന്ന തീരുമാനത്തിൽ നിന്ന് പിൻതിരിയണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യം ഇവിടെ വളരെ വിശദമായി ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുമായും വൈദ്യുതി വകുപ്പുമന്ത്രിയുമായും വൈസ് ചാൻസിലറുമായും ഇക്കാര്യം ചർച്ച ചെയ്തതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയുടെ ഫാമുകളും അതുപോലെ യൂണിവേഴ്സിറ്റിയുടെ സ്ഥലങ്ങളും മറ്റൊരാവശ്യത്തിനും വിട്ടു കൊടുക്കരുത് എന്നുതന്നെയാണ്. പക്ഷേ കേരളത്തിന് ഇത് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ വൈദ്യുതിരംഗത്ത്

കൂടുതൽ വൈദ്യുതി ലഭിക്കണമെങ്കിൽ ഇത് വളരെ നിർബന്ധവുമാണ്. ഇങ്ങനെ കണ്ടറിഞ്ഞതിന്റെ ഭാഗമായിട്ടാണ് ഇതു വളരെയധികം ചർച്ചചെയ്യപ്പെടുകയും അതിനുവേണ്ടി ഭൂമി കൈമാറണമെന്ന നിർദ്ദേശം സർക്കാർ മുന്നോട്ടു വയ്ക്കുകയും, പി.ജി.സി.ഐ.എൽ.ന് കൈമാറുന്ന ഭൂമിക്കു പകരമായി സർക്കാർ ഉടമസ്ഥതയിൽ റബ്ബർ കൃഷിക്കായി കേരള സർവ്വകലാശാലയ്ക്ക് പാട്ടത്തിനായി നൽകിയിരുന്ന 125 ഏക്കർ ഭൂമിയിൽ നിന്നും ഭൂമി നൽകണമെന്ന കാർഷിക സർവ്വകലാശാലയുടെ ഒരു ആവശ്യം, അതു സാധ്യമാകുന്നതിന് പ്രായോഗികമാണെന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻവേണ്ടി സാങ്ഷൻ വാങ്ങിയിട്ടുണ്ട്. ഭൂമി അവിടെ നൽകുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ ഈ നിർദ്ദേശം തള്ളിയിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിലുള്ള ഭൂമി കെ.എസ്.ഇ.ബി.യുടെ കൈവശം ഇല്ലതാനും. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഊർജ്ജ മേഖലയിലെ വികസനം കൂടിയേ കഴിയൂ എന്നതിനാൽ ഈ പദ്ധതി സംസ്ഥാന താൽപ്പര്യം മുൻനിർത്തി വിട്ടുകളയാൻ സാധ്യമല്ല. സർവ്വകലാശാലയ്ക്കു പകരം ഭൂമി ലഭ്യമാക്കുന്നതിന്റെ പ്രായോഗികവശവും പരിശോധിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.യ്ക്കോ പവർഗ്രിഡ് കോർപ്പറേഷനോ ഈ പദ്ധതിയ്ക്കായി

അനുയോജ്യമായ സ്ഥലം ഇല്ലാത്ത സാഹചര്യത്തിലാണ് ഏറ്റവും ഉചിതമായ സ്ഥലമായ കാർഷിക സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി ഇക്കാര്യത്തിനായി ഉപയോഗിക്കാൻ സർക്കാർ നിർബന്ധിതമായത്.

## പട്ടയവിതരണം

ഡോ. എൻ. ജയരാജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ മണിമല ഗ്രാമപഞ്ചായത്തിലുള്ള ആലപ്ര, മുക്കട, മേലേക്കവല, നെടുമ്പുറം ചതുപ്പ്, വളകൊടി ചതുപ്പ്, വട്ടുകുന്ന് തുടങ്ങി ഏകദേശം 400 ഏക്കറോളം വരുന്ന സ്ഥലത്ത് 750-ൽപ്പരം കുടുംബങ്ങൾക്ക് നിലവിൽ പട്ടയം ലഭിച്ചിട്ടില്ല. തലമുറകളായി, 250-ൽപ്പരം വർഷങ്ങളായി ഇവിടെ പാർക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഇവിടെയുള്ള ആലപ്ര ഗവൺമെന്റ് എൽ.പി. സ്കൂളിന് 100 വർഷത്തിന്റെ പഴക്കവും അന്നപൂർണ്ണ യു.പി.എസ്. 1956-ലും ആരംഭിച്ചതാണ്. നെടുമ്പുറത്തുള്ള ഭദ്രകാളി ക്ഷേത്രവും തൊട്ടടുത്തുള്ള മൊസ്കിനുമൊക്ക 200-ലധികം വർഷം പഴക്കമുള്ളതാണ്. 1969-ൽ ഇവിടെ 12 വീടുകൾക്ക് മാത്രമാണ് പട്ടയം ലഭിച്ചത്. സ്വകാര്യവ്യക്തി നൽകിയ

കേസ്സിനെത്തുടർന്ന് പട്ടയവിതരണം നിർത്തിവച്ചതാണ്. അതിനുശേഷം റവന്യൂ, വനം വകുപ്പുകളുടെ സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞ് നെടുമ്പ്രം, വളകൊടി ചതുപ്പ് ഭാഗങ്ങളിലെ ഭൂമി സാംബവ, ചേരമ വിഭാഗങ്ങളിലുള്ളവർക്ക് നൽകിയെങ്കിലും പട്ടയം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ പ്രദേശത്തുള്ള എണ്ണൂറോളം കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u>: സർ, കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ഉൾപ്പെടുന്ന ആലപ്ര പ്രദേശത്ത് 14-12-1999-ലെ ജി.ഒ.(എം.എസ്.) 510/1999/ആർ.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 04-01-2011-ൽ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. റീ-സർവ്വേ റിക്കാർഡ് പ്രകാരം വനം പുറമ്പോക്ക് എന്ന് വില്ലേജ് രേഖകളിൽ ചേർത്തിരിക്കുന്ന മേൽപ്പടി സ്ഥലം മണിമല വില്ലേജിലെ പഴയ സർവ്വേ നമ്പർ 111/01-ൽപ്പെട്ടതാണ്.

പൊന്തൻപുഴ-പ്ലാച്ചേരി റോഡ്, പൊന്തൻപുഴ-ചുങ്കപ്പാറ റോഡ്, റാന്നി-മല്ലപ്പള്ളി താലൂക്കിലെ സ്ഥലങ്ങൾ എന്നിവ മേൽപ്പടി സ്ഥലത്തിന്റെ അതിർത്തികളാണ്. മണിമല ഗ്രാമപഞ്ചായത്തിലെ 9, 10, 11, 12 എന്നീ വാർഡുകളിലായി ഇവ ഉൾപ്പെട്ടുവരുന്നു. സ്ഥലത്ത് റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയവ കൃഷിചെയ്ത് വനഭൂമിയായി സ്ഥലം ജണ്ടകെട്ടി വേർതിരിച്ചിട്ടുണ്ട്. ആലപ്ര ഗവൺമെന്റ് എൽ.പി. സ്കൂൾ, തച്ചിരിയ്ക്കൽ ദേവീക്ഷേത്രം, മോസ്ക്, അംഗനവാടി എന്നിവ സ്ഥിതിചെയ്യുന്നുണ്ട്. ഉദ്ദേശം 150 വർഷമായി ടി സ്ഥലത്ത് ജനവാസം ആരംഭിച്ചിട്ട്. പ്രസ്തുത സ്ഥലത്ത് ഇപ്പോൾ 800-ൽപ്പരം കുടുംബങ്ങൾ താമസിച്ചുവരുന്നു. വളകൊടി ചതുപ്പ്, നെടുമ്പുറം ചതുപ്പ്, വെച്ചുകുന്ന്, പുളിക്കാംപാറ, വഞ്ചികപ്പാറ, പ്രയാറ്റുപടി എന്നീ സ്ഥലങ്ങൾ ഈ പ്രദേശത്ത് ഉൾപ്പെട്ടുവരുന്നു. പ്രദേശത്ത് ഉദ്ദേശം 600 പട്ടികജാതി കുടുംബങ്ങളും 200 ഇതര കുടുംബങ്ങളും താമസിച്ചുവരുന്നു. മണിമല വില്ലേജിലെ പഴയ സർവ്വെ നമ്പർ 111/1-ൽപ്പെട്ടിരുന്ന മേൽപ്പടി സ്ഥലം റീസർവ്വെ പ്രകാരം ബ്ലോക്ക് 20-ൽ സർവ്വെ നമ്പർ 319 മുതൽ 343-വരെയും, 349, 361 മുതൽ 365

വരെയും 350, 351, 353, 354, 355, 356, 369, 386 മുതൽ 393 വരെയും 425 മുതൽ 429 വരെയും 432, 465 എന്നീ സർവ്വെ നമ്പരുകളിലും ബ്ലോക്ക് 21-ൽ സർവ്വെ നമ്പർ 212, 213, 225, 280, 321,300, 322, 326 എന്നീ നമ്പരുകളിലും പെട്ടതാണ് ഈ ഭൂമി. സംയുക്ത പരിശോധന നടത്തിയ ഭൂമിയുടെ ആകെ വിസ്തീർണ്ണം 103.6190 ഹെക്ടർ ആകുന്നു. 1969-ൽ ടി പ്രദേശത്തെ കുറെ വസ്തുക്കൾക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ആയതിനുശേഷം പതിവിന് അനുയോജ്യമായ ഭൂമിയുടെ വിസ്തീർണ്ണം 95.3215 ഹെക്ടർ ആണ്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി അപ്പൻഡിക്സ് ഫോറം എ-യും മേൽപ്പടി വനഭൂമി ഉൾപ്പെട്ട സ്കെച്ചും ഡി.എഫ്.ഒ. കോട്ടയത്തിനും ഡെപ്യൂട്ടി ഡയറക്ടർ, പ്രോജക്ട് ടൈഗർ പെരിയാർ വെസ്റ്റ് ഡിവിഷൻ പീരുമേടിനും 20-03-2009-ലെ ഇ 1/33495/2000 നമ്പരായി ജില്ലാകളക്ടർ മുഖാന്തിരം അയച്ചുകൊടുത്തിട്ടുള്ളതാണ്. പതിവു നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സ്ഥലം വീണ്ടും സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ

നിലവിലുള്ള എം.എസ്.എ. കേസ് തീർപ്പാക്കാൻ വേണ്ട അടിയന്തരനടപടികൾ വനം വകുപ്പ് മുഖാന്തിരം സ്വീകരിക്കുവാൻ 25-02-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 123/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽപ്പടി പ്രദേശത്ത് ഉൾപ്പെടുന്ന അർഹരായ കൈവശക്കാർക്ക് എത്രയുംവേഗം പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. എൻ. ജയരാജ്-ന്റെ നിർദ്ദേശാനുസരണം അതിനാവശ്യമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

## ഭൂമിക്രയവിക്രയം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താമരശ്ശേരി താലൂക്കിൽ രാരോത്ത് വില്ലേജ്, ഇപ്പോൾ കെടവൂർ വില്ലേജിലെ സർവ്വെ നമ്പർ 2/1 ബിയിൽപ്പെട്ട 1164 ഏക്കർ ഭൂമിയിൽ വർഷങ്ങളായി നിയമാനുസൃതം വീടുവച്ച് താമസിക്കുന്ന ആയിരത്തോളം പാവപ്പെട്ട വീട്ടുകാർ വളരെ പ്രയാസത്തിലാണ്. 1987 മുതൽ എ.വി. തോമസ് കമ്പനി വക കൽപ്പറ്റ എസ്റ്റേറ്റ് ലിമിറ്റഡ്, പൂനൂർ ഡിവിഷനിൽ ഉൾപ്പെട്ട ഭൂമി പൊന്നുംവില

കൊടുത്തുവാങ്ങി നിയമപ്രകാരം കരമടച്ച് പട്ടയം ലഭിച്ചുപോരുന്നവരാണ് ഇവർ. പണ്ടം പണയംവച്ചും കെട്ടുതാലി അടക്കം വിറ്റും പണം സ്വരൂപിച്ചാണ് പല പാവപ്പെട്ടവരും കൃഷിക്കാരും ഇവിടെ പത്തുസെന്റ് മുതൽ അഞ്ചേക്കർ വരെ ഭൂമി വാങ്ങിയിട്ടുള്ളത്. മിച്ചഭൂമിയായി ലഭിക്കേണ്ടത് 90 ഏക്കർ മാത്രമാണ്. എന്നാൽ ആയിരക്കണക്കിന് ഏക്കർഭൂമിയാണ് ഇവിടെ മരവിപ്പിച്ച് ഉത്തരവായിട്ടുള്ളത്. നേരത്തേ കമ്പനി വയനാട്ടിലുള്ള സ്ഥലം നൽകാമെന്ന് സമ്മതിച്ചതിന്റെയടിസ്ഥാനത്തിൽ വയനാട് ലാന്റ് ബോർഡ് ഈ സ്ഥലം മിച്ചഭൂമിയിൽ ഒഴിവാക്കി തീരുമാനം എടുത്തിരുന്നു. എന്നാൽ സ്റ്റേറ്റ് ലാന്റ് ബോർഡ് വീണ്ടും കോടതിയെ സമീപിച്ചതാണ് പ്രശ്നം വഷളാക്കിയിട്ടുള്ളത്. കമ്പനി കൈവശത്തിൽ മാത്രം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമി വേറെ ഉണ്ടായിരിക്കെ, 90 ഏക്കർ മിച്ചഭൂമിക്കുവേണ്ടി പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഈ തീരുമാനം പിൻവലിച്ചേ മതിയാകൂ. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടി സ്വീകരണമെന്ന് ഈ സബ്മിഷനിലൂടെ

അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താമരശ്ശേരി താലൂക്ക് കെടവൂർ ദേശം റീസർവ്വെ 2/1 ബിയുടെ വിസ്തീർണ്ണം വില്ലേജ് റിക്കാർഡുകൾ പ്രകാരം 1164 ഏക്കറാണെന്നും എന്നാൽ ഇതിൽ 1000 ഏക്കറോളം കൽപ്പറ്റ എസ്റ്റേറ്റ് അതായത് രാജഗിരി റബ്ബർ & പ്രൊഡ്യൂസസ് ലിമിറ്റഡ് കമ്പനിയുടെ അധീനതയിലാണെന്നും പ്രസ്തുത ഭൂമി റബ്ബർ പ്ലാന്റേഷൻ ആയിരിക്കെ 1990-1994 കാലഘട്ടത്തിൽ വിൽപ്പന നടത്തിയതുമാണ്. കെടവൂർ ദേശം റീസർവ്വെ 2/1 ബിയിൽപ്പെട്ട 90.62 ഏക്കർ ഭൂമി വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ 17-08-1994-ലെ ജി2-എസ്.എം.സി.-26/81/V നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപറഞ്ഞ 90.62 ഏക്കർ ഭൂമി ഏത് ഭാഗത്താണെന്ന് രേഖപ്പെടുത്തിയ സ്കെച്ച് താലൂക്ക് ഓഫീസ് ഫയലിൽ ലഭ്യമല്ല. മേൽപ്പടി സ്കെച്ച് ലഭ്യമാക്കുന്നതിനായി മാനന്തവാടി സബ് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്റെ 17-01-2015 തീയതിയിലെ ജി2-

എസ്.എം.സി.-26/81/V നമ്പർ കത്ത് പ്രകാരം കെടവൂർ ദേശം റീസർവ്വെ 2/1 ബിയിൽപ്പെട്ട ഭൂമിയുടെ കൈമാറ്റത്തിന് സാദ്ധ്യത ഉണ്ടാകുമെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സംഭവങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് മേൽപ്പടി ഭൂമിയുടെ കൈമാറ്റം നിലവിൽ നിർത്തിവച്ചിരിക്കുന്നത്. കെടവൂർ ദേശം റീസർവ്വെ 2/1 ബിയിൽ ചെറുതും വലുതുമായ വിസ്തീർണ്ണത്തിൽ ആയിരത്തോളം കൈവശക്കാർ കൃഷി ചെയ്തും വീട് വച്ചും താമസിച്ചുവരികയൊണന്നും എം./എസ്. കൽപ്പറ്റ എസ്റ്റേറ്റ് കമ്പനി ലിമിറ്റഡിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി പൂർണ്ണമായും വിൽപ്പന നടത്തുകയും പാവപ്പെട്ട നൂറുകണക്കിനാളുകൾ വീട് വച്ച് താമസിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽപ്പടി മിച്ചഭൂമി ഏറ്റെടുക്കേണ്ട സാഹചര്യം ശക്തമായ എതിർപ്പുകളും ക്രമസമാധാന പ്രശ്നങ്ങളും ഇടയാക്കുമെന്ന് താമരശ്ശേരി തഹസീൽദാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇവിടെ ഉണ്ടായിട്ടുള്ള അപാകതകൾ എന്താണെന്ന്

പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല മണ്ഡലത്തിലെ മുഹമ്മ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വലിയ വിനോദസഞ്ചാര സാദ്ധ്യതയുള്ളതുമായ ഒരു മേഖലയാണ് പാതിരാമണൽ. 64 ഏക്കറോളം വരുന്ന ഈ പ്രദേശം നിലവിൽ റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിൽപ്പെട്ട പ്രദേശമാണ്. വൈവിദ്ധ്യമാർന്ന ദേശാടനപക്ഷികളുടെ താവളവും ജൈവ വൈവിധ്യങ്ങളുടെ കലവറയുമായ ഈ പ്രദേശം ഇപ്പോൾ കാടുപിടിച്ച് ഇപ്പോൾ സാമൂഹ്യവിരുദ്ധരുടെ താവളമായി കിടക്കുകയാണ്. എങ്കിലും അളവറ്റ വിനോദസഞ്ചാര സാദ്ധ്യതകളുള്ള ഇവിടേയ്ക്ക് ആയിരക്കണക്കിന് സഞ്ചാരികൾ എത്തിക്കൊണ്ടേയിരിക്കുന്നു. ഇതിനെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിന് ഒട്ടേറെക്കാലമായി ശ്രമിക്കുന്നുണ്ടെങ്കിലും ഇനിയും അതിന് സാദ്ധ്യമായിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമെന്ന നിലയിൽ 5½

കോടി രൂപയുടെ ഒരു പദ്ധതി മുമ്പ് ആവിഷ്കരിക്കപ്പെട്ടിരുന്നുവെങ്കിലും ചില കക്ഷികൾ നൽകിയ പരാതിയെത്തുടർന്ന് കോടതിയുടെ ഇടപെടലിനെത്തുടർന്ന് പദ്ധതി മുടങ്ങുകയും തുക നഷ്ടപ്പെടുകയും ചെയ്തു. നിലവിൽ കേസ്സുകൾ ഒന്നുമില്ലെങ്കിലും പദ്ധതിക്കുള്ള പണത്തിന്റെ ദൗർലഭ്യം മൂലം പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രമെന്ന സ്വപ്നം സഫലമാകാതെ നിലകൊള്ളുകയാണ്. ജൈവവൈവിദ്ധ്യങ്ങളുടെ ഈ കലവറ യന്ത്രങ്ങൾ ഉപയോഗിച്ച് നിർമ്മാണങ്ങൾ പാടില്ലെന്ന കോടതിയുടെ നിർദ്ദേശം നിലനിൽക്കുകയാണ്. എങ്കിലും ഇവിടെ സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങളും റെസ്റ്റോറന്റും ഉൾപ്പെട്ട ബിസിനസ് സ്ഥലവും ഒരുക്കിക്കൊണ്ടും പാതിരാമണൽ ദ്വീപിലേക്ക് യാത്രാസൗകര്യമൊരുക്കിയും വാച്ച് ടവ്വർ തീർത്തുകൊണ്ടും യന്ത്രങ്ങളുടെ സഹായമില്ലാതെതന്നെ ജൈവമേഖലയെ പരിസ്ഥിതി സൗഹൃദ ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്നതാണ്. ബോട്ട് അടുപ്പിക്കുന്നതിനുള്ള ജെട്ടിയും ഈ ദ്വീപിലൂടെ നടക്കുന്നതിനുള്ള പാതയും വഴിവിളക്കുകളും അത്യാവശ്യമാണ്. ഇതിനാവശ്യമായ ഫണ്ട് എത്രയുംവേഗം അനുവദിക്കുന്നതിനും

പാതിരാമണൽ ദ്വീപിനെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റുകേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പാതിരാമണൽ കേരളത്തിലെ ഏറ്റവും മനോഹരമായ വിനോദസഞ്ചാരമേഖലയിൽ അനന്ത സാദ്ധ്യതയുള്ള പ്രദേശമാണ്. പാതിരാമണൽ ഇക്കോടൂറിസം പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുവാനുള്ള തീരുമാനം എടുത്തിരുന്നു. ഏതാണ്ട് 5 കോടിരൂപ അതിനുവേണ്ടി കേന്ദ്രഗവൺമെന്റ് അനുവദിച്ചു. സംസ്ഥാന ഗവൺമെന്റ് ഏതാണ്ട് 50 ലക്ഷംരൂപ അനുവദിക്കുകയുണ്ടായി. 5½ കോടിരൂപയുടെ പ്രോജക്ടാണ് കണ്ടിരുന്നത്. നിർവ്വഹണ ഏജൻസിയായി ആദ്യം FACT Engineering and Design Organization, Cochin എന്ന സ്ഥാപനത്തെ നിയമിച്ചിരുന്നുവെങ്കിലും പിന്നീടത് KITCO എന്നുപറയുന്ന സ്ഥാപനത്തെ

ച്ചമതലപ്പെടുത്തി. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ കോടതിയുമായും പാരിസ്ഥിതികമായും ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഉയർന്നുവന്നതിന്റെയടിസ്ഥാനത്തിൽ ആ പദ്ധതി നടപ്പാക്കാനായില്ല. അതുകൊണ്ടുതന്നെ കേന്ദ്രഗവൺമെന്റ് അനുവദിച്ച പണം നമുക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച തരത്തിൽ പാതിരാമണലിന്റെ സാദ്ധ്യത എന്നുപറയുന്നത് അത്രവലുതാണ്. ആലപ്പുഴ ജില്ലയ്ക്ക് മാത്രമല്ല, കേരളത്തിന്റെ ടൂറിസം വികസനത്തിന് അനന്തമായ സാദ്ധ്യതകളുണ്ട്. അതുകൊണ്ടുതന്നെ പദ്ധതിയിൽ മാറ്റം വരുത്തിക്കൊണ്ട് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു പ്രയാസവുമില്ല. സംസ്ഥാന ഗവൺമെന്റ്തന്നെ അതിനാവശ്യമായ പണം അനുവദിക്കും. മറ്റ് പ്രശ്നങ്ങൾകൂടി ചർച്ചചെയ്ത് പരിഹരിക്കേണ്ട കാര്യങ്ങളുണ്ട്. ഏതായാലും അത്തരം കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## **പാലം നിർമ്മാണം**

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, നാട്ടിക-കൈപ്പമംഗലം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ്കടവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണച്ചുമതല കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചതായാണ് അറിവ്. നാളിതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ നിർമ്മാണപ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏകദേശം പൂർത്തിയായെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ അഴിമാവ്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):</u> സർ, കാനോലി കനാലിന് കുറുകെയുള്ള അഴിമാവ്കടവ് പാലത്തിന്

14.07.2009-ൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി ആരംഭിച്ചിരുന്നില്ല. ഇപ്പോൾ ഇതിനായി കീഴ്പ്പുള്ളിക്കര - എടത്തുരുത്തി വില്ലേജുകളിലായി 57.9 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഈ മാസം 17-ാം തീയതി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്തതിനുശേഷം പുതുക്കിയ ഭരണാനുമതി നൽകി പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

## സ്ഥലം ഏറ്റെടുക്കൽ

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി-ബാലുശ്ശേരി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർകടവ് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ പദ്ധതി നടക്കാതെ പോകുമോയെന്ന ആശങ്കയിലാണ് ജനങ്ങൾ. പാലത്തിന്റെ സ്ഥലം ഏറ്റെടുക്കലിന് റവന്യൂ

എൽ.എ. വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നതാണ്. അതിന് അംഗീകാരം ലഭിക്കാത്തതും ഫണ്ട് അനുവദിക്കാത്തതും നിരവധിതവണ സർക്കാരിൽ ബോധിപ്പിച്ചിട്ടുള്ള വിഷയവുമാണ്. പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കൊയിലാണ്ടി എൽ.എ. വിഭാഗം തഹസീൽദാർ 29.12.2014-ൽ വിശദമായി എസ്റ്റിമേറ്റ് കുറിപ്പ് സഹിതം പി.ഡബ്ല്യൂ.ഡി. റോഡ്സ് ആന്റ് ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ധനകാര്യ വിഭാഗം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. പക്ഷെ 27.03.2015-ൽ ഇത് ഡിനോവയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലം നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഈ പദ്ധതിയുടെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഉള്ളൂർകടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2009-ൽ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. ഇതിനായി ചേങ്ങോട്ടുകാവ് വില്ലേജിലെ 27.2 ആർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് 218 ലക്ഷം രൂപ അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് 27.12.2014-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ ലെറ്റർ ഓഫ് ക്രെഡിറ്റിനായി ധനകാര്യ വകുപ്പിനെ സമീപിച്ചപ്പോൾ സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം ഡിനോവയായ സാഹചര്യത്തിൽ ഫണ്ട് അനുവദിച്ചില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനും പുതുക്കിയ ഭരണാനുമതി നൽകി പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## സബ് ചാനലുകളിലെ തടസ്സം നീക്കൽ

ശ്രീ. എ. റ്റി. ജോർജ്: സർ, നെയ്യാർ ജലസംഭരണിയിൽ നിന്നുള്ള

സബ് ചാനലുകളിലെ തടസ്സങ്ങൾ നീക്കി ജലം കൃഷിക്കും കുടിവെള്ളത്തിനും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. നെയ്യാർ ഡാം 1958-ലാണ് കമ്മീഷൻ ചെയ്തത്. അന്ന് 106 മില്ല്യൺ ക്യൂബിക് മീറ്റർ കപ്പാസിറ്റി ഉണ്ടായിരുന്നു. ഇന്ന് ചെളിയും മറ്റും അടിഞ്ഞ് ഏകദേശം 70 മില്ല്യൺ ക്യൂബിക് മീറ്ററായി കുറഞ്ഞിരിക്കുന്നു. നെയ്യാർ ഡാമിൽ നിന്നാരംഭിക്കുന്ന പ്രധാന ചാനലകുളിലൂടെയും സബ് ചാനലുകളിലൂടെയും ലഭിക്കുന്ന ജലം ഉപയോഗിച്ചാണ് നെയ്യാറ്റിൻകര, കാട്ടാക്കട പ്രദേശങ്ങളിലെ ഏകദേശം മുപ്പതോളം പഞ്ചായത്തുകളിൽ കർഷകർ പച്ചക്കറികൾ, വാഴ, മറ്റ് കൃഷികളും ചെയ്തിരുന്നത്. പക്ഷെ ഇന്ന് പ്രധാന ചാനലുകളും സബ് ചാനലുകളുമൊക്കെ അടഞ്ഞുകിടക്കുന്നതിനാൽ കൃഷിക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ ടി സബ് ചാനലുകളിലെ തടസ്സങ്ങൾ നീക്കി ജലം കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ വളരെ അടിയന്തരമായി ഉണ്ടാകണമെന്ന് ഈ

സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കനാലുകളുടെ ഏറ്റവും അവസാനഭാഗങ്ങളിൽ വെള്ളമെത്തുന്നില്ല. കനാലിന്റെ പല ഭാഗങ്ങളിലും മണ്ണും കാടും നിറഞ്ഞുനിൽക്കുന്നതാണ് അതിന് കാരണം. ജനങ്ങൾ പല ഭാഗങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതും ജലസേചനത്തിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി.യുടെയും കോർപ്പറേഷന്റെയും ഓടകൾ കനാലിലേയ്ക്ക് വന്നുചേരുന്നതും തടസ്സമാകുന്നുണ്ട്. 2014-15-ലെ ആക്ഷൻ പ്ലാനിൽ വലതുകര മെയിൻ കനാലിന്റെയും ഇടതുകര മെയിൻ കനാലിന്റെയും 10 കിലോമീറ്റർ നീളത്തിലും ചില ബ്രാഞ്ച് കനാലുകളുടെ മണ്ണും കാടും വൃത്തിയാക്കാനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ പണികൾ നടന്നുവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ട് കനാലുകളുടെ മെയിന്റിനൻസിനായി 506 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ അത്യാവശ്യ ഭാഗങ്ങളിലെ മണ്ണും കാടും വൃത്തിയാക്കാനുള്ള പണികൾ

ഉൾപ്പെടുത്തുന്നുണ്ട്. കൊല്ലങ്കോട് ബ്രാഞ്ച് കനാലിന്റെ രണ്ടാം കിലോമീറ്ററും ഇടതുകര മെയിൻ കനാലിന്റെ പതിനഞ്ചാം കിലോമീറ്ററിന് സമീപവും ജൂൺ മാസത്തെ കനത്ത മഴയിൽ മണ്ണ് ഇടിഞ്ഞുവീണ് ജലവിതരണം തടസ്സപ്പെട്ടതുകൊണ്ട് മണ്ണ് നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചില കനാലുകളിലെ ചെളി നീക്കം ചെയ്യലും കാട് വെട്ടിത്തെളിക്കലുമൊക്കെ നടപ്പാക്കിവരുന്നു.

## ഭരണാനുമതി

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചീമേനി ഡാം പദ്ധതിയിലെ സുപ്രധാന നിർദ്ദേശങ്ങളാണ് കാനത്തോട്, നെല്ലായിക്കടവ് ഇറിഗേഷൻ റെഗുലേറ്റർ കം ബ്രിഡ്ജുകൾ. ഈ രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിരുന്നു. തുടർപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിവൈസ്ഡ് ഭരണാനുമതിക്ക് സമർപ്പിച്ചിരുന്നു. ഈ രണ്ട് റഗുലേറ്റർ കം ബ്രിഡ്ജുകൾക്കും പുതുക്കിയ ഭരണാനുമതി നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 02.11.2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കാനത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 4.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി വർക്കിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചത് ഇൻവെസ്റ്റിഗേഷന് മുമ്പുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. ടി വർക്കിന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. ഡിസൈൻ അനുസരിച്ച് 2015-ലെ എസ്.ഒ. പ്രകാരം 13 കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ 13.08.2012-ൽ സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ 02.11.2009-ൽ ലഭിച്ച ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ അനുമതി നൽകിയില്ല. പിന്നീട് ഡി.എസ്.ആർ. 13 പ്രകാരം സിവിൽ വർക്കിനുള്ള 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. ഇപ്പോൾ പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നതായും ഏകദേശം 23 കോടിരൂപ ആകുമെന്നും

പ്രതീക്ഷിക്കുന്നു. ടി എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നെല്ലായിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിനുവേണ്ടി വിശദമായ പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കി നിലവിലുള്ള ഡി.എസ്.ആർ. പ്രകാരം 15 കോടി രൂപയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## ഐ.വി.എഫ്. ക്ലിനിക് കാര്യക്ഷമമാക്കൽ

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലെ ഐ.വി.എഫ്. ക്ലിനിക് അടച്ചുപൂട്ടാനുള്ള ശ്രമം നടക്കുകയാണ്. കൃത്രിമ ബീജസങ്കലനം, ടെസ്റ്റ്ട്യൂബ് മുഖേന കുഞ്ഞുങ്ങളെ ലഭിക്കാനുള്ള അവസരം പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഈ നടപടിയിലൂടെ നഷ്ടപ്പെടുകയും നിഷേധിക്കപ്പെടുകയുമാണ്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലെ ഐ.വി.എഫ്. വിഭാഗം മേധാവിയും ഈ രംഗത്തെ വിദഗ്ദ്ധയുമായ ഡോ. ഷീലാ ബാലകൃഷ്ണനെ കോന്നിയിലെ മെഡിക്കൽ കോളേജിലേയ്ക്ക് സ്ഥലം മാറ്റിയിരിക്കുകയാണ്.

ഗൈനക്കോളജി വിഭാഗവും കെട്ടിടവുമില്ലാത്ത കോന്നി മെഡിക്കൽ കോളേജിലേയ്ക്കാണ് മാറ്റിയിരിക്കുന്നത്. എസ്.എ.റ്റി. ആശുപത്രിയിലെ ഈ ക്ലിനിക്കിൽ 2013 ഫെബ്രുവരിയിലാണ് ആദ്യ ഐ.വി.എഫ്. ചികിത്സ നടത്തിയത്. 2013 നവംബറിൽ അവിടെ ഇരട്ടക്കുട്ടികൾ ജനിച്ചശേഷം ഈ ക്ലിനിക് ഒരുവിധം നല്ല നിലയിൽ പ്രവർത്തിച്ചുവരുകയാണ്. എന്നാൽ ഇപ്പോൾ അവിടുത്തെ ചികിത്സയാകെ നിലച്ചനിലയിലാണ്. ഡോ. ഷീലാ ബാലകൃഷ്ണനും അവർ പരിശീലനം നൽകിയ മറ്റ് രണ്ട് ഡോക്ടർമാരും ഇടയ്ക്ക് പരിശീലനത്തിനായി മാറിമാറിഎത്തുന്ന ഡോക്ടർമാരും അക്ഷീണം പ്രവർത്തിച്ചാണ് ഈ ക്ലിനിക്കിൽ ടെസ്റ്റ്ട്യൂബ് മുഖേന പാവപ്പെട്ടവർക്ക് കുഞ്ഞുങ്ങൾ എന്നത് യാഥാർത്ഥ്യമാക്കിയത്. ഇതിനിടയിൽ സംഘത്തിലെ ഒരു ഡോക്ടറെ സ്ഥലംമാറ്റിയത് വിവാദമായതിനെത്തുടർന്ന് സ്ഥലംമാറ്റം റദ്ദാക്കുകയും കുറച്ചുകാലം മുമ്പ് അദ്ദേഹത്തെ വീണ്ടും സ്ഥലം മാറ്റുകയും ചെയ്തു. പുറത്തുള്ള ഒരു ആശുപത്രിയിൽ ഇത് ചെയ്യുന്നതിന് ഒന്നരലക്ഷം മുതൽ പത്ത് ലക്ഷം രൂപവരെ ചെലവ് വരുന്നതാണ്. കുട്ടികളില്ലാത്ത പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഒരു ആശാകേന്ദ്രമാണ്

തിരുവനന്തപുരത്തെ എസ്.എ.റ്റി. ആശുപത്രി. ഒരു കാരണവശാലും അത് അടച്ചുപൂട്ടാൻ പാടില്ല. എന്നുമാത്രമല്ല, ജൂനിയർ ഡോക്ടർമാരെ അവിടെ നിയോഗിച്ചാൽ ഇതിന്റെ പ്രയോജനമുണ്ടാകുകയുമില്ല. ഇതുപോലുള്ള ദമ്പതിമാർക്ക് പത്ത് ലക്ഷം രൂപ കൊടുത്ത് സ്വകാര്യാശുപത്രിയെ സമീപിക്കാൻ സാധിക്കില്ല. പാവപ്പെട്ടവന്റെ ആശുപത്രിയാണ് മെഡിക്കൽ കോളേജിലെ എസ്.എ.റ്റി. ആശുപത്രി. ഈ ക്ലിനിക് അവിടെ പ്രവർത്തിക്കണം. സ്വകാര്യമേഖലയിൽ ഇത് വൻ ബിസിനസ്സാണ്. അവരെ സഹായിക്കുകയാണ് ചെയ്യുന്നത്.

ആരോഗ്യവും കുടുബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 24.05.2010-ലെ സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.എ.ടി. ആശുപത്രിയിലെ ഒ. ആന്റ് ജി. (Obstetrics and Gynaecology) വകുപ്പിന്റെ കീഴിൽ റീപ്രൊഡക്റ്റീവ് ടെക്നോളജി യൂണിറ്റ് സ്ഥാപിച്ചു. അസോസിയേറ്റ് പ്രൊഫസറായ ഡോ. ഷീലാ ബാലകൃഷ്ണനെ യൂണിറ്റ് ചാർജായി നിയമിക്കുകയും ചെയ്തു. പ്രസ്തുത ഡോക്ടറെ കൂടാതെ മൂന്ന് മെഡിക്കൽ

ഓഫീസർമാരും ഈ യൂണിറ്റിലുണ്ട്. യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും മറ്റും ഫാക്കൽറ്റി അംഗങ്ങളെ പുനർവിന്യസിച്ചും ആവശ്യമുള്ള റെസിഡൻസിനെ റൊട്ടേഷൻപ്രകാരം നിയമിക്കുന്നതിന് വകുപ്പുമേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഐ.വി.എഫ്. ചികിത്സയിലൂടെ 2013 ഏപ്രിൽ മാസത്തിൽ വിജയകരമായി രണ്ട് കുഞ്ഞുങ്ങൾക്ക് ജൻമം നൽകാൻ കഴിയുകയും ചെയ്തു. ഇതുവരെ 18 കുട്ടികൾക്ക് ഐ.വി.എഫ്.ലൂടെ ജൻമം നൽകാൻ കഴിഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ ഐ.വി.എഫ്. ചികിത്സ ചെലവേറിയതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ലക്ഷക്കണക്കിന് രൂപ ചെലവുവരുന്ന ഈ ചികിത്സ സ്വകാര്യ ആശുപത്രികളിലാണ് പ്രധാനമായും നടന്നിരുന്നത്. ഇത് കണക്കിലെടുത്താണ് നമ്മുടെ എസ്.ഐ.ടി. ആശുപത്രിയിൽ ഐ.വി.എഫ്. ചികിത്സ തുടങ്ങാൻ സർക്കാർ തീരുമാനിച്ചത്. ദക്ഷിണേന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സർക്കാർ ആശുപത്രിയിൽ ഐ.വി.എഫ്. ചികിത്സയിലൂടെ കുഞ്ഞുങ്ങൾക്ക് ജൻമം നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഇത് അഭിമാനകരമായ നേട്ടമാണ്.

പ്രധാനമായും നിർദ്ധനരായ രോഗികൾക്ക് വളരെ അനുഗ്രഹമാണ്. പുറത്ത് ലക്ഷക്കണക്കിന് രൂപ ചെലവാണ്. ഐ.വി.എഫ്. ട്രീറ്റ്മെന്റിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് എസ്.എ.ടി. ആശുപത്രിയിൽ ആരംഭിച്ച ഈ ഐ.വി.എഫ്. യൂണിറ്റ് സുഗമമായി നടത്തിക്കൊണ്ട് പോകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ യൂണിറ്റ് ഇപ്പോൾ സുഗമമായി പ്രവർത്തിച്ചുവരികയാണ്. കൂടുതൽ ശക്തിപ്പെടുത്തുന്നതിന്, ഐ.വി.എഫ്. യൂണിറ്റ് റീപ്രൊഡക്റ്റീവ് മെഡിസിൻ ഡിപ്പാർട്ടുമെന്റായി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതിയ വകുപ്പ് രൂപീകരിക്കുമ്പോൾ ഫാക്കൽട്ടികളുടെ യോഗ്യതയും നിയമനരീതിയും, ഇതിലേയ്ക്ക് പുനർവിന്യാസം നടത്തേണ്ട അധിക തസ്തികകളും കണ്ടെത്തുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. നിലവിൽ യൂണിറ്റിനാവശ്യമായ പരിചയസമ്പന്നരും ഈ മേഖലയിൽ ആവശ്യമായ പരിശീലനം ലഭിച്ചവരുമായ ഡോക്ടർമാർ ഉൾപ്പെടെ ജീവനക്കാരുള്ള സാഹചര്യത്തിൽ ഐ.വി.എഫ്. യൂണിറ്റിന്റെ പ്രവർത്തനത്തിൽ യാതൊരുവിധ തടസ്സവും നേരിടുന്നതല്ല. യൂണിറ്റ് ചീഫ് ആയിരുന്ന ഡോ. ഷീലാ ബാലകൃഷ്ണൻ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസറാണ്. ഇപ്പോൾ പ്രൊഫസറായി പ്രൊമോഷൻ ലഭിച്ച പ്രസ്തുത ഡോക്ടറെ പുതുതായി രൂപീകരിക്കുന്ന കോന്നി മെഡിക്കൽ കോളേജിലെ ഒ. ആന്റ് ജി. വിഭാഗം പ്രൊഫസറായി നിയമിച്ചിരിക്കുകയാണ്. പ്രൊമോഷൻ ലഭിച്ചതുകൊണ്ടാണ് ഇപ്രകാരം നിയമിക്കേണ്ടിവന്നത്. പ്രസ്തുത ഡോക്ടറെ നിയമിക്കുന്നതിന് എസ്.എ.ടി. ആശുപത്രിയിൽ പ്രൊഫസറുടെ ഒഴിവില്ല. ഡോക്ടറുടെ സ്ഥലംമാറ്റംകൊണ്ട് യൂണിറ്റിന്റെ പ്രവർത്തനത്തിന് യാതൊരുവിധ തടസ്സവും നേരിടുന്നതല്ല. ഇപ്പോൾ പ്രൊഫസറായി പ്രൊമോഷൻ നൽകി കോന്നിയിൽ നിയമിച്ചിട്ടുള്ള ഡോ. ഷീലാ ബാലകൃഷ്ണൻ കഴിഞ്ഞ ഒരുമാസക്കാലം അവധിയിലായിരുന്ന കാലത്തും ഈ യൂണിറ്റിന്റെ പ്രവർത്തനം യാതൊരു തടസ്സവും കൂടാതെ നടന്നുവരികയാണ്. പരിചയസമ്പന്നരായ മറ്റ് മെഡിക്കൽ ഓഫീസർമാരിലൂടെ പ്രസ്തുത യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ എസ്.എ.ടി. ആശുപത്രിയിൽ Obstetrics and Gynecology വിഭാഗത്തിലെ മറ്റ് ഡോക്ടർമാർക്കും ഐ.വി.എഫ്.

സാങ്കേതികവിദ്യയിൽ പരിശീലനം നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ യൂണിറ്റ് യാതൊരു തടസ്സവുംകൂടാതെ സുഗമമായി പ്രവർത്തിച്ച് മുന്നോട്ടുപോകുകയാണ്. പ്രസ്തുത യൂണിറ്റ് അടച്ചുപൂട്ടാൻ പോകുന്നു എന്നുള്ള ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. അതുകൂടാതെ ഐ.വി.എഫ്. യൂണിറ്റുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കണമെന്നാണ് സർക്കാരിന്റെ നയം. കോട്ടയം മെഡിക്കൽ കോളേജിൽ അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അടുത്തപടിയായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ആ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഐ.വി.എഫ്. ട്രീറ്റ്മെന്റ് ചികിത്സാ സംവിധാനം സാധാരണക്കാർക്ക് കൂടുതൽ ലഭ്യമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

മി. സ്പീക്കർ: സബ്മിഷന് മറുപടി പറയുന്ന മന്ത്രിമാർ ദയവായി ഒരുമിനിട്ടുകൊണ്ട് മറുപടി പറയാനായി തയ്യാറാക്കി കൊണ്ടുവരണം. അടുത്തയാഴ്ച അവസാന ദിവസങ്ങളാണ്. പത്തും ഇരുപതും ഇരുപത്തിയഞ്ചും സബ്മിഷനുകൾ ഓരോ ദിവസം വരും. ഒരു മിനിട്ട്

അല്ലെങ്കിൽ മാക്സിമം ഒന്നര മിനിട്ടുകൊണ്ട്  പറയത്തക്ക വിധത്തിൽ മറുപടി

തയ്യാറാക്കിക്കൊണ്ടുവരണം.